File No.LSGD-EPB1/1/2019-LSGD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതലയിൽ നിന്നും പത്തനംതിട്ട ജില്ലയിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടറെ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1665/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/08/2019

പരാമർശം:- 1 സ.ഉ.(കൈ) നം.21/2006/തസ്വഭവ തീയതി 19.01.2006

2 സ.ഉ.(സാധാ) നം.125/2019/തസ്വഭവ തീയതി 23.01.2019

3 സ.ഉ.(സാധാ) നം.1219/2019/തസ്വഭവ തീയതി 14.06.2019

<u>ഉത്തരവ്</u>

പരാമർശം (2) ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസറുടെയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും ചുമതലകൾ പത്തനംതിട്ട ജില്ലയിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രൊജക്ട് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസറായി ശ്രീ.എൻ. നന്ദകുമാറിനെ ഒരു വർഷത്തേക്ക് അന്യത്ര സേവന നിയമനം നൽകി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ 12-ാമത്തെ ചുമതല പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതലയിൽ നിന്നും പത്തനംതിട്ട ജില്ലയിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രൊജക്ട് ഡയറക്ടറെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

1. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, പത്തനംതിട്ട ജില്ല
2. ശ്രീ. എൻ. നന്ദകുമാർ, ഫിനാൻസ് ഓഫീസർ, ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട
3. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ